കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് മിന്നൽ പരിശോധന - കോഴിക്കോട് നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ. ബി.കെ. ബലരാജ്, ശ്രീ. ജോണി സെബാസ്റ്റ്യൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1490/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.04.2016.

================================================================

**പരാമർശം :** 1) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.07.2013 തീയതിയിലെ E12(S.C.43/12/KKD) 6255/2013 നമ്പർ കത്ത്.

2) ശ്രീ. ബി.കെ. ബലരാജ്, സെക്രട്ടറി, കോഴിക്കോട് നഗരസഭ, ശ്രീ. ജോണി സെബാസ്റ്റ്യൻ, നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് എന്നിവർക്ക് നൽകിയ 13.12.2013 തീയതിയിലെ 64085/ഇയു1/13/തസ്വഭവ. നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് ശ്രീ. ബി. കെ. ബലരാജ്, സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സമർപ്പിച്ച 03.08.2014 തീയതിയിലേയും, ശ്രീ. ജോണി സെബാസ്റ്റ്യൻ, റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് സമർപ്പിച്ച 01.08.2014 തീയതിയിലേയും പ്രതിവാദ പത്രികകൾ.

4) നഗരകാര്യ ഡയക്ടറുടെ 06.07.2015 തീയതിയിലെ വി2-519/14(1), വി2-519/14(2) നമ്പർ കത്തുകൾ.

**ഉത്തരവ്**

ചീഫ് ടൗൺപ്ലാനറുടെ ചുമതല വഹിച്ചിരുന്ന ശ്രീ.എസ്. രാജാറാം കോടതി വിധി ദുർവ്യാഖ്യാനം ചെയ്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി കെട്ടിട നിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണത്തിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കോഴിക്കോട് യൂണിറ്റ് കോഴിക്കോട് നഗരസഭയിലും മറ്റ് ഓഫീസുകളിലും നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

കോഴിക്കോട് നഗരസഭാ പരിധിയിൽ വേങ്ങേരി വില്ലേജിൽ സർവ്വേ നമ്പർ 71,72/1 എന്നിവയിൽ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിന് 'മർക്കസ് സഖ്ഫാത്തി സുന്നിയ' സെക്രട്ടറി ശ്രീ. കാന്തപുരം എ.പി. അബുബേക്കർ മുസലിയാർ സമർപ്പിച്ച അപേക്ഷ പ്രസ്തുത സ്ഥലം 'ഡ്രീം സിറ്റി' പ്രൊജക്ടിനായി നിശ്ചയിച്ചിരുന്നതിനാൽ കോഴിക്കോട് നഗരസഭ അനുമതി നിഷേധിച്ചിരുന്നു. എന്നാൽ അപേക്ഷകൻ സർക്കാരിൽ നിന്നും അനുമതി നേടിയിരുന്നു. തുടർന്ന് അപേക്ഷകൻ 58/1, 63/2, 66/1, 69/1, 69/2, 69/3 A, 70/1, 70/2 എന്നീ സർവ്വേ നമ്പരുകളിലുള്ള സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ നൽകിയിരുന്നെങ്കിലും ആയതും മേൽപ്പറഞ്ഞ കാരണത്താൽ നഗരസഭ അനുമതി നിഷേധിച്ചിരുന്നു. എന്നാൽ നിർമ്മാണം തുടരുന്നതിന് ചീഫ് ടൗൺ പ്ലാനർ അനുമതി നൽകിയിരുന്നു. തുടർന്ന് ആശുപത്രി കെട്ടിടം ഉപയോഗിക്കാതെ സർവ്വേ നമ്പർ 70, 72/1 എന്നിവയിൽ സ്കൂൾ

പ്രവർത്തനത്തിന് അനുമതിയ്ക്കായി അപേക്ഷിച്ചെങ്കിലും കോർപ്പറേഷൻ ആയത് നിരസിക്കുകയും ചെയ്തു. അപേക്ഷകൻ പ്രസ്തുത കെട്ടിടം സ്ക്കൂൾ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് കോടതിയുടെ അനുകൂല വിധി നേടിയിരുന്നു. അപേക്ഷകൻ സ്ക്കൂൾ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കണമെന്ന് 21.7.2008-ൽ അപേക്ഷിച്ചെങ്കിലും പ്രസ്തുത അപേക്ഷയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ പരിഹരിക്കുന്നതിന് 3.7.2009 തീയതിയിൽ അപേക്ഷകന് നഗരസഭ നോട്ടീസ് നൽകിയെങ്കിലും ആയതിൽ നഗരസഭ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

2. മേൽ ക്രമക്കേടുകൾക്ക് കോഴിക്കോട് നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ബി.കെ. ബലരാജ്, ശ്രീ.ജോണി സെബാസ്റ്റ്യൻ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും രണ്ടാം പരാമർശിത കുറ്റപത്രം നൽകുകയുമുണ്ടായി.

3. കുറ്റാരോപണ പത്രത്തിന് ശ്രീ. ബി.കെ. ബലരാജ് സമർപ്പിച്ച മറുപടിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

''കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായി 29.06.2012 നാണ് താൻ ചുമതലയേൽക്കുന്നത്. കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിരിക്കുന്ന വാർഡ് 34-റി.സ 71 പാർട്ട് 72/1 പാർട്ടിൽപ്പെട്ട സ്ഥലത്ത് 6029.59 $M^2$ വിസ്തീർണ്ണമുള്ള 4 നിലകളുള്ള ഹോസ്പിറ്റൽ കെട്ടിടം, 296.04 $M^2$ വരുന്ന ഒരു സർവ്വീസ് ബ്ളോക്ക്, കിണർ എന്നിവ നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും ജി.ഒ.(ആർ.ടി)നം. 1193/2000/ എൽ.എസ്.ജി.ഡി. തീയതി 20.05.2000 നമ്പർ ഉത്തരവു പ്രകാരം മേഖലാ നിയന്ത്രണ ചട്ടത്തിൽ ഇളവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേമായി ശ്രീ.കാന്തപുരം എ.പി. അബൂബക്കർ മുസലിയാർ എന്നവർക്ക് ഇ6/14400/99 നമ്പറായി 10.05.2000 തീയതിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു. അംഗീകൃത പെർമിറ്റിന്റെ കാലാവധി പുതുക്കാതെയും, അംഗീകൃത പ്ളാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയും, ഒക്യുപൻസിയിൽ മാറ്റം വരുത്തി ഹോസ്പിറ്റൽ കെട്ടിടത്തിൽ അനധികൃതമായി സ്ക്കൂൾ പ്രവർത്തിപ്പിക്കുകയും ചെയ്തതിനാൽ 21.05.2007-ന് പെർമിറ്റ് ഉടമയോട് നഗരസഭ വിശദീകരണം ആരായുകയുണ്ടായി. സ്ക്കൂൾ കെട്ടിടത്തിന് പ്ലാൻ സമർപ്പിച്ച് അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടത്തിൽ താൽക്കാലികമായി സ്ക്കൂൾ ആരംഭിച്ചതെന്നും, ആശുപത്രിക്കു വേണ്ടി എടുക്കുന്ന കെട്ടിടം സ്ക്കൂൾ ആവശ്യത്തിനായി ഉപയോഗിക്കുന്നത് നിയമവിധേയമാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കരുതെന്നും കാണിച്ച് കക്ഷി മറുപടി നൽകുകയുണ്ടായി.

ടി മറുപടിയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയതിൽ, അനധികൃതമായി പ്രവർത്തിക്കുന്ന സ്ക്കൂൾ കെട്ടിടത്തോട് ചേർന്ന് 23.60 x 9.10 മീറ്റർ അളവിൽ ഷീറ്റിട്ട മറ്റൊരു അനധികൃത ഷെഡ്ഡ് കൂടി നിർമ്മിച്ചിരിക്കുന്നതായി കാണുകയുണ്ടായി. കൂടാതെ പ്രധാന കെട്ടിടത്തിൽ നിന്ന് അകന്ന് 17.90 x 12.00 മീറ്റർ അളവിൽ ഷീറ്റ് റൂഫ് ഇട്ട ഷെഡ്ഡും, ആയതിനോട് ചേർന്ന് 9.15 x 3.15 മീറ്റർ അളവിൽ ആർ.സി.സി. ടോയ്‌ലറ്റ് ബ്ലോക്കും, 3.60 x 8.10 മീറ്റർ അളവിൽ മറ്റൊരു ടോയ്‌ലറ്റ് ബ്ലോക്കും കിണറും അനധികൃതമായി കക്ഷി നിർമ്മിച്ചതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 3 നില കൂടി ഭാഗികമായി പൂർത്തീകരിച്ച് പെർമിറ്റ് കാലാവധിക്കുള്ളിൽ പെർമിറ്റ് പുതുക്കുകയോ ഒക്യുപൻസി വാങ്ങുകയോ ചെയ്തിട്ടില്ലാത്തതാണ്. പെർമിറ്റ് കാലാവധി അവസാനിച്ചിരുന്നതിനാലും നിലവിലുള്ള

ഒക്യുപൻസിയിൽ മാറ്റം വരുത്തിയതിനാലും ചീഫ് ടൗൺപ്ലാനർ അംഗീകരിച്ച ലേ ഔട്ടിന് വിരുദ്ധമായതിനാലും ടി നിർമ്മാണം മേഖലാ നിയന്ത്രണ ചട്ടം ലംഘിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത നിർമ്മാണം നീക്കം ചെയ്യുന്നതിന് 16.06.2008-ന് കേരള മുനിസിപ്പൽ ആക്ട് 406(1)(2) പ്രകാരം നഗരസഭ കക്ഷിക്ക് ഉത്തരവ് നൽകിയിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ കക്ഷി 21.06.2008-ന് മറുപടി നൽകുകയും തുടർന്ന് നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് ഇ9/81754/08 നമ്പറായി 25.07.2008-ന് അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്. കക്ഷി സമർപ്പിച്ച അപേക്ഷയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടിട്ടുണ്ട്.

1) പുതുക്കിയ മേഖലാ നിയന്ത്രണ നിയമം 17 അനുസരിച്ച് ഡ്രീം സിറ്റി ഏരിയയിൽ സ്ക്കൂൾ നിർമ്മാണം അനുവദിനീയമല്ല.
2) മാസ്റ്റർ പ്ലാൻ പ്രകാരം 12 മീറ്റർ നിർദ്ദിഷ്ട റോഡ് വികസനം സൈറ്റ് പ്ലാനിൽ കാണിച്ചിട്ടില്ല.
3) KMBR 54(6) ടേബിൾ 9 പ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ നൽകിയിട്ടില്ല.
4) എഡ്യൂക്കേഷൻ ബിൽഡിംഗ് ആയതിനാൽ ലേ ഔട്ടിന് സി.ടി.പി.യുടെ അംഗീകാരം ആവശ്യമാണ്.
5) KMBR 33 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി 5 മീറ്റർ ലഭ്യമല്ല.
6) KMBR 39(6) പ്രകാരം സ്റ്റേർകേസിലേക്കുള്ള വഴിയുടെ വീതി സ്റ്റേർകേസിന്റെ വീതിയേക്കാൾ കുറവാണ്.
7) ബിൽഡിംഗ് പ്ലാനിന്റെ പ്രിൻസിപ്പൽ മുറിയുടെ അടുത്തുള്ള കവാടം, ഉപയോഗം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
8) സ്റ്റോർ റൂമിലേക്കുള്ള വെന്റിലേഷൻ രേഖപ്പെടുത്തിയിട്ടില്ല.
9) സെക്ഷൻ ഡോയിംഗിൽ സ്റ്റോർ റൂമിന്റെ ഉപയോഗം റൂഫിൽ കാണിച്ചിട്ടില്ല.
10) സെൻട്രൽ കോർട്ട് യാർഡ്, റൂഫിംഗ് ഷെഡ്ഡ്, ടോയ്ലറ്റ് ബ്ലോക്ക് എന്നിവയിൽ ശരിയായ വെന്റിലേഷൻ കാണിച്ചിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 17.02.2009 ന് ക്രമവത്ക്കരണ അപേക്ഷ നിരസിച്ച് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്.''

4. ശ്രീ. ജോണി സെബാസ്റ്റ്യന്റെ മറുപടിയുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

''താൻ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയായി ജോലി ചെയ്തിട്ടുള്ളത് 11.08.2008 മുതൽ 04.06.2009 വരെയും 01.08.2009 മുതൽ 30.09.2009 വരെയും ആയിരുന്നു. കുറ്റാരോപണ മെമ്മോയിൽ പറയുന്ന 03.07.2009 തീയതിയിലെ നഗരസഭാ നോട്ടീസ് തദ്ദേശ സ്വയംഭരണ ''സെക്രട്ടറിയ്ക്ക് വേണ്ടി'' ഒപ്പിട്ട് നഗരസഭാ ടൗൺ പ്ലാനിംഗ് ഓഫീസർ നൽകിയതാണ്.

31.07.2014-ന്, 03.07.2009-ലെ നോട്ടീസ് ഉൾക്കൊള്ളുന്ന കോഴിക്കോട് കോർപ്പറേഷനിലെ ഫയൽ ടി.പി.3/134903/05 പരിശോധിച്ചതിൽ, ആശുപത്രി കെട്ടിടമായി പണി തുടങ്ങിയ കെട്ടിടം സ്ക്കൂൾ കെട്ടിടമായി നിർമ്മിച്ചത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ഒപ്പുവെയ്ക്കുന്നതിനായി 03.01.2009 ലാണ് അവസാനമായി ആയത് ടിയാൻ കണ്ടിട്ടുള്ളത് എന്ന് ബോധിപ്പിക്കുന്നു. പിന്നീട് കോർപ്പറേഷന് ടൗൺ പ്ലാനിംഗ് വകുപ്പിൽ പല നടപടികളിലൂടെയും സഞ്ചരിച്ച ടി ഫയലിൽ ഒക്കുപ്പൻസി മാറ്റത്തിനായുള്ള അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെട്ട് 03.07.2009-ൽ സെക്രട്ടറിക്ക് വേണ്ടി ടൗൺ പ്ലാനിംഗ് ഓഫീസർ ഒപ്പിട്ടു നൽകിയ അറിയിപ്പിന് ചാർജ്ജ് മെമ്മോയിൽ പറയുന്ന നോട്ടീസ്

എന്ന് കാണാവുന്നതാണ്. ടി നോട്ടീസ് സെക്രട്ടറി എന്ന നിലയിൽ തന്റെ നിർദ്ദേശപ്രകാരം നൽകിയതല്ല എന്ന് ബോധിപ്പിക്കുന്നു. 03.07.2009-ലെ മേൽപ്പറഞ്ഞ നോട്ടീസിന് കക്ഷിയിൽ നിന്ന് അപാകതകൾ പരിഹരിച്ച മറുപടി ലഭിക്കുന്നത് 17.12.2009-ൽ മാത്രമാണ്. തുടർന്ന് ടി ഫയലിൽ നടപടി സ്വീകരിക്കാനായി സെക്ഷൻ ക്ലാർക്ക് നോട്ട് എഴുതുന്നത് 17.12.2009 തീയ്യതിയിലാണ്. എന്നാൽ ടി നോട്ട് പ്രകാരം തുടർ നടപടികൾ അന്ന് സ്വീകരിച്ചില്ല എന്നു കാണുന്നു. 03.07.2009-ലെ നോട്ടീസിന് മറുപടി ലഭിച്ച 17.12.2009-ൽ താൻ കോർപ്പറേഷൻ സെക്രട്ടറിയല്ല എന്നും ബോധിപ്പിക്കുന്നു.

03.07.2009-ലെ നോട്ടീസിൽ തുടർനടപടി സ്വീകരിക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും, സൂപ്രണ്ടും, ടൗൺ പ്ലാനിംഗ് ഓഫീസറും ആണെന്നിരിക്കെ ടി നോട്ടീസ് നൽകിയ ശേഷം 01.08.2009 മുതൽ 30.09.2009 വരെ മാത്രം ടി നോട്ടീസിനെപ്പറ്റി യാതൊരു അറിവുമില്ലാതെ നഗരസഭാ സെക്രട്ടറിയായി ജോലി ചെയ്ത തനിക്കെതിരെ, ടി നോട്ടീസ് പ്രകാരം തുടർനടപടി സ്വീകരിച്ചില്ല എന്ന ആരോപണം തീർത്തും വേദനാജനകമാണ്. ഇക്കാര്യത്തിൽ 06.07.2013-ലെ ഇ12 (എസ്.സി.43/2012/കെ.കെ.ഡി) 6255/13 ആയുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തനിക്കെതിരെയുള്ള കുറ്റപ്പെടുത്തലുകൾ തെറ്റാണ്.

മേൽപ്പറഞ്ഞ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ, യാതൊരു സാഹചര്യത്തിലും തന്റേതല്ലാത്ത കുറ്റത്തിന് തനിക്കെതിരെ നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോയിലേയും പത്രികയിലേയും ആരോപണങ്ങൾ ഒഴിവാക്കി തന്നെ കുറ്റവിമുക്തനാക്കണണമെന്ന് അപേക്ഷിക്കുന്നു.''

5. ശ്രീ.ബി.കെ.ബലരാജ് 29.06.2012-ൽ ആണ് നഗരസഭാ സെക്രട്ടറിയായി ചാർജ്ജെടുത്തത്. കൂടാതെ ഈ ഫയലിലെ വിഷയവുമായി ബന്ധപ്പെട്ട യാതൊരു കത്തിടപാടോ, റിപ്പോർട്ടോ 17.12.2009-നു ശേഷം ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാൾക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതല്ല. കൂടാതെ ശ്രീ.എ.പി. അബൂബക്കർ മുസലിയാരുടെ കെട്ടിടത്തിന്റെ കാര്യത്തിലും 03.07.2009-ലെ നോട്ടീസിൽ സൂചിപ്പിക്കുന്ന ന്യൂനതകൾ നോട്ടീസിൽ പറഞ്ഞിട്ടുള്ള തീയതിയ്ക്കകം പരിഹരിച്ച് മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും ഇക്കാര്യം ചൂണ്ടിക്കാട്ടി മേലുദ്യോഗസ്ഥർക്ക് ഫയൽ സമർപ്പിക്കാത്ത സെക്ഷൻ ക്ലാർക്കും, സൂപ്രണ്ടും, വാർഡിന്റെ ചുമതലയിലുള്ള ബിൽഡിംഗ് ഇൻസ്പെക്ടറും മാത്രമാണ് കുറ്റക്കാർ. ശ്രീ.ജോണി സെബാസ്റ്റ്യൻ, നോട്ടീസ് നൽകുന്ന 03.07.2009-ലും, നോട്ടീസിന് മറുപടി ലഭിക്കുന്ന 17.12.2009-ലും കോർപ്പറേഷൻ സെക്രട്ടറി ആയിരുന്നില്ല. ഇക്കാരണങ്ങളാൽ ടിയാൻ കുറ്റക്കാരനല്ലെന്നും അനുമാനിക്കാവുന്നതാണ്. കുറ്റാരോപണ മെമ്മോയിലും പത്രികയിലും ആരോപണങ്ങൾ നിലനിൽക്കുന്നതല്ലായെന്നും ആയതിനാൽ കുറ്റാരോപിതർക്കെതിരായ നടപടി അവസാനിപ്പിക്കണമെന്ന് നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ചീഫ് ടൗൺപ്ലാനറുടെ ചുമതല വഹിച്ചിരുന്ന ശ്രീ.എസ്. രാജാറാം കോടതി വിധി ദുർവ്യാഖ്യാനം ചെയ്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി കെട്ടിട നിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണത്തിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കോഴിക്കോട് യൂണിറ്റ് കോഴിക്കോട് നഗരസഭയിലും മറ്റ് ഓഫീസുകളിലും നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ.ബി.കെ.ബലരാജിനെതിരെയും, ശ്രീ.ജോണി സെബാസ്റ്റ്യനെതിരെയുമുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതല്ല എന്നു കാണുകയും ടിയാളുകൾ കുറ്റക്കാരാണെന്ന് തെളിയിക്കുന്ന യാതൊരുവിധ തെളിവുകളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ കോഴിക്കോട് നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ.ബി.കെ. ബലരാജിനെതിരെയും (ജോയിന്റ് ഡയറക്ടർ,

നഗരകാര്യ വകുപ്പ്), ശ്രീ. ജോണി സെബാസ്റ്റ്യനെതിരെയും (കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ) ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രത്നമ്മ. വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് നഗരസഭ.
ശ്രീ. ബി.കെ. ബലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്
ശ്രീ. ജോണി സെബാസ്റ്റ്യൻ, റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്
} നഗരകാര്യ ഡയറക്ടർ മുഖേന
വിജിലൻസ് വകുപ്പ് (17.02.2016-ലെ 14855/ഡി1/15/വിജി. പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**